## 973

ഏകരാജൻ-യേശുനാഥൻ ഭൂവിൽ വാഴുമേ
ലോകാധിപന്മാരാകവേ തന്മുമ്പാകെ വണങ്ങിടുമേ

1 "മന്നവനൊരുവൻ നീതിയിൽ വാഴു"മെന്ന തിരുവചനം
നിർണ്ണയമതുപോൽ നിവർത്തിക്കുമതിനാൽ നവയുഗം കൈവരുമേ

2 സൃഷ്ടികൾ ദൈവമക്കളിൻ വെളിപ്പാടിഷ്ടമായ് കാത്തിടുന്നു
പുഷ്ടിയായ് ഫലങ്ങൾ നൽകിടുവാൻ സന്തുഷ്ടിയോടാശിക്കുന്നു-

3 വരണ്ടനിലം മരുഭൂമിയും മോദം പൂണ്ടഖിലം വിളയും
നിർജ്ജനദേശം പനിനീർ കുസുമം പൂത്തുമണം വിതറും-

4 ദൈവത്തിൻ മഹത്ത്വം തേജസ്സും നിത്യം ഉർവ്വിയെല്ലാം നിറയും
ഗർവ്വമകന്നു സർവ്വരുമന്നു ദൈവമൊന്നെന്നറിയും-

5 ദുഃഖവും നെടുവീർപ്പൊക്കെയും നീങ്ങി സൗഖ്യസമ്പൂർണ്ണരായി
രക്ഷിതരേവരും സീയോൻപുരിയതിലക്ഷയരായ് വരുമേ- **T.K.S.**